"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.22890/2024-ൽ 26.06.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.3774/2025/GEDN തീയതി,തിരുവനന്തപുരം, 10-06-2025

---

പരാമർശം:-

1. റിട്ട് ഹർജി നം.22890/2024-ൽ 26.06.2024 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം
2. കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച 18.05.2024 തീയതിയിലെ നിവേദനം.
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 14.08.2024 തീയതിയിലെ AcdC3/13062/2023/DGE നം. കത്ത്.

**<u>ഉത്തരവ്</u>**

ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത റിട്ട് ഹർജി നം.22890/2024-ൽ 26.06.2024 തീയതി ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായ പ്രകാരം, ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി4 ഹർജി, ഹർജിക്കാരൻ , ബന്ധപ്പെട്ടവർ എന്നിവരെ കേട്ട്, വിധിന്യായ പകർപ്പ് ലഭ്യമായി 4 മാസത്തിനുള്ളിൽ, തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷി സർക്കാരിനോട് നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയത്തിൽ 23.07.2024 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. ഹർജിക്കാരൻ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ഹിയറിംഗ് വേളയിൽ ചുവടെ പറയുന്ന വാദങ്ങൾ ഉന്നയിച്ചു.

ഹർജിക്കാരന്റെ വാദഗതികളുടെ സംഗ്രഹം ഇപ്രകാരമാണ്.

4. 2023-24ലെ തസ്തിക നിർണയ ഉത്തരവു പ്രകാരം ചങ്ങനാശ്ശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂളിൽ സ്റ്റാൻഡേർഡ് V മുതൽ X വരെ ആകെ 1522 കുട്ടികൾ ഉണ്ടായിരുന്നതിനാൽ രണ്ട് ക്ലാർക്ക് തസ്തികയും 3 ഫുൾടൈം മീനിയൽ തസ്തികയും കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, 21/08/23 ലെ ഉത്തരവിൽ അനുവദിച്ചു.

5. എന്നാൽ 2024- 25 ൽ സ്റ്റാൻഡേർഡ് V മുതൽ X വരെയുള്ള കുട്ടികളുടെ എണ്ണം 1462 ആയി താഴുകയും KER അദ്ധ്യായം XXIV A ചട്ടം 1 പ്രകാരം ഒരു ക്ലാർക്ക തസ്തികയും 2 എഫ്.ടി.എം. തസ്തികയും മാത്രം അർഹതയുണ്ടാവുകയും ചെയ്തു. അതിനാൽ 15/07/24 മുതൽ

തന്നെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ എഫ്.ടി.എം. തസ്തികയും കുറവ് വരുന്നതാണ്.

6. ഈ സ്കൂളിന്റെ ഹയർസെക്കൻഡറി വിഭാഗത്തിൽ 300 കുട്ടികൾ +1നും +2 വിനുമായി 6 ബാച്ചുകളിലായി പഠിക്കുന്നുണ്ട്.

7. 14/06/2022ലെ സ.ഉ.(കൈ) 106/2022/പൊ.വി.വ ഉത്തരവ് പ്രകാരം സ്റ്റാൻഡേർഡ് V മുതൽ XII വരെയുള്ള ക്ലാസുകളിലെ ആകെ കുട്ടികളുടെ എണ്ണം എടുത്ത് അനധ്യാപക തസ്തികകളുടെ എണ്ണം തീരുമാനിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുകയും ചില സ്കൂളുകൾക്ക് പ്രസ്തുത മാനദണ്ഡം പാലിച്ച് അധ്യാപക തസ്തിക അനുവദിക്കുകയും ഉണ്ടായി. ആയതിനാൽ Ext P3 ഉത്തരവിൽ മറ്റ് സ്കൂളുകൾക്ക് അനുവദിച്ച മാനദണ്ഡം പാലിച്ചാൽ ഈ സ്കൂളിനും സ്റ്റാൻഡേർഡ് V മുതൽ XII വരെ ആകെ കുട്ടികളുടെ എണ്ണം 1462+300=1762 ആവുന്നതിനാൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയ്ക്കും മൂന്നാമത്തെ എഫ്.ടി.എം. തസ്തികക്കും അർഹതയുണ്ട്. പക്ഷേ സ്റ്റാൻഡേർഡ് XI, XIIലെ കുട്ടികളുടെ എണ്ണം പരിഗണിച്ച് അനധ്യാപക തസ്തിക അനുവദിക്കാൻ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക അധികാരമില്ല.

8. ഹയർസെക്കൻഡറി വിഭാഗത്തിന് തസ്തികകൾ അനുവദിക്കാൻ ഗവൺമെന്റിനു മാത്രമേ അധികാരമുള്ളു. 2024- 25ൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ എഫ്.ടി.എം. തസ്തികയും അർഹതയുണ്ടെങ്കിലും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അനുവദിച്ച് തരാൻ കഴിയില്ല.

9. ഈ സാഹചര്യത്തിൽ 18/05/2024 ലെ നിവേദനത്തിൽ രണ്ടാമത്തെ ക്ലാർക്ക് തസ്തികയും 3-ാമത്തെ എഫ്.ടി.എം. തസ്തികയും ഹൈസ്കൂൾ വിഭാഗത്തിലെയും ഹയർസെക്കൻഡറി വിഭാഗത്തിലെയും കുട്ടികളുടെ ആകെ എണ്ണം പരിഗണിച്ച് KER അദ്ധ്യായം XXIV A ചട്ടം 1 പ്രകാരം അനുവദിച്ചു തരാൻ കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചിട്ടുണ്ട്.

(i) KER അദ്ധ്യായം 24 A ചട്ടം 1 പ്രകാരം എൽ.പി. വിഭാഗത്തിൽ ഒഴികെ 1500ഓ അതിൽ അധികമോ കുട്ടികളുള്ള സ്കൂളുകളിൽ 2 ക്ലാർക്ക് തസ്തിയും 3 എഫ്.ടി.എം. തസ്തികകളും അനുവദനീയമാണ്.

(ii) Ext. P3 ഉത്തരവിൽ സ്റ്റാൻഡേർഡ് I മുതൽ XII വരെ ഒറ്റ യൂണിറ്റായി പരിഗണിക്കണമെന്ന് കൃത്യമായി ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. അതിനാൽ അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് സ്റ്റാൻഡേർഡ് V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ എണ്ണം കണക്കാക്കേണ്ടതുണ്ട്. ഇവിടെ സ്റ്റാൻഡേർഡ് V മുതൽ XII വരെയുള്ള ക്ലാസുകളിൽ ആകെ 1762 പഠിക്കുന്നുണ്ട്. അതിനാൽ KER അദ്ധ്യായം 24 A ചട്ടം 1 പ്രകാരം രണ്ട് ക്ലാർക്ക് തസ്തികകളും 3 എഫ്.ടി.എം. തസ്തികകളും അനുവദനീയമാണ്.

iii) Ext.P5: 31/05/19ലെ സ.ഉ.(കൈ)53/19/പൊ.വി.വ ഉത്തരവിൽ അനധ്യാപക തസ്തികകൾ അനുവദിക്കുന്നതിന് ഹയർസെക്കൻഡറിയിലെ കുട്ടികളുടെ എണ്ണം കൂടി അടിസ്ഥാനപ്പെടുത്തി ആയിരിക്കും നിർണയിക്കപ്പെടുന്നത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

iv) ആയതിനാൽ സ്റ്റാൻഡേർഡ് V മുതൽ XII വരെയുള്ള ക്ലാസുകളിലെ കുട്ടികളുടെ ആകെ എണ്ണം പരിഗണിച്ച് അനധ്യാപക തസ്തികകൾ അനുവദിച്ച് ലഭിക്കാൻ അർഹതയുണ്ട്.

iv) Ext. P6: 11/01/2021 സ.ഉ.(കൈ)നം.11/21/പൊ.വി.വ ഉത്തരവിൽ ഹയർസെക്കൻഡറിയും വൊക്കേഷണൽ ഹയർസെക്കൻഡറിയും പൊതുവിദ്യാഭ്യാസവും ഏകീകരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് രൂപീകരിച്ചതായി ഉത്തരവായിട്ടുണ്ട്. അതിനാൽ സ്റ്റാൻഡേർഡ് V മുതൽ XII വരെ ഒരു യൂണിറ്റായി പരിഗണിക്കേണ്ടതാണ്. അതനുസരിച്ച് അനധ്യാപക തസ്തികകൾ അനുവദിക്കേണ്ടതുമാണ്.

11. ഈ സാഹചര്യത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന കാരണങ്ങളാൽ, ചങ്ങനാശ്ശേരി ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റാൻഡേർഡ് V മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം 1762 കണക്കിലെടുത്ത് KER അദ്ധ്യായം 24A ചട്ടം 1 പ്രകാരം രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ എഫ്.ടി.എം തസ്തികയും 2024-25ലേക്ക് അനുവദിച്ച് ഉത്തരവാകണമെന്ന് അപേക്ഷിച്ചു.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്

12. മാനേജർ ചങ്ങനാശ്ശേരി എസ്.ബി.എച്ച്.എസ്.എസ്.-ൽ നിലവിൽ വിദ്യാലയത്തിലെ ഓഫീസ് പ്രവർത്തനത്തിനും, മറ്റ് പ്രവർത്തനങ്ങൾക്കുമായി 2 ക്ലറിക്കൽ തസ്തികയും, 3 എഫ്.ടി.എം. തസ്തികയും, 2 ഒ.എ തസ്തികയും അനുവദിച്ചിട്ടുണ്ടെന്നും, ആയതു വിദ്യാർത്ഥികളുടെ അനുപാതം കണക്കാക്കുമ്പോൾ 2023-24 വർഷം വരെ നിലനിന്നു പോന്നിരുന്നു എന്നും അറിയിച്ചിരിക്കുന്നു. എന്നാൽ 2024-25 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് വരുമ്പോൾ ആയതിൽ മുൻ വർഷത്തെ പോലെ വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുമ്പോൾ 1500-ൽ കുറയുന്ന സാഹചര്യത്തിൽ ഒരു ക്ലറിക്കൽ തസ്തികയും, ഒരു എഫ്.ടി.എം. തസ്തികയും കുറയാൻ സാധ്യതയുണ്ടെന്നും, ആയതിൽ തസ്തിക നിർണ്ണയം നടത്തുമ്പോൾ അഞ്ചാം തരം മുതൽ പന്ത്രണ്ടാം തരം വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കുമ്പോൾ വിദ്യാലയത്തിൽ 1500 ന് മുകളിൽ വിദ്യാർത്ഥികൾ ഉണ്ടാകുമെന്നും, ആയതു കൂടെ ഉൾപ്പെടുത്തി തസ്തിക നിർണ്ണയം നടത്തുന്നതിന് കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കണമെന്നാണ് മാനേജർ ആവശ്യപ്പെട്ടിരിക്കുന്നത്.

13. ഹയർ സെക്കന്ററി വിഭാഗത്തിൽ പ്രത്യേകമായി മിനിസ്റ്റീരിയൽ ജീവനക്കാരെ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതി ഉത്തരവ് നടപ്പാക്കുന്നതിന്റെ ഭാഗമായി അഞ്ചാം തരം മുതൽ പന്ത്രണ്ടാം തരം വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി മിനിസ്റ്റീരിയൽ ജീവനക്കാരുടെ എണ്ണം പുനഃനിർണ്ണയിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 14/06/2022 തിയ്യതിയിലെ സർക്കാർ ഉത്തരവ് ജി.ഒ. (കൈ) നം.106/22/ജി.ഇ.ഡി.എൻ പ്രകാരം നിരവധി കോടതിയലക്ഷ്യ കേസുകൾ തീർപ്പാക്കിയിരുന്നു. അതേ മാനദണ്ഡപ്രകാരം നിലവിലുള്ള തസ്തിക നഷ്ടമാകാതിരിക്കാനാണ് മാനേജർ ആവശ്യകത ഉന്നയിച്ചിരിക്കുന്നത്.

14. മേൽ വിഷയത്തിൽ നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ നഷ്ടപ്പെടാതെ ഇരിക്കുന്നതിന് 2024-25 വർഷത്തെ തസ്തിക നിർണ്ണയം നടത്തുമ്പോൾ അഞ്ചാം തരം മുതൽ

പന്ത്രണ്ടാം തരം വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കൂടെ കണക്കാക്കണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. മേൽ തസ്തികകൾ നിലവിൽ ഉൾകൊള്ളിച്ചിട്ടുള്ളത് സെക്കൻഡറി തലത്തിലാണ്. ആയതിനാൽ തസ്തികകൾ നിലനിർത്തേണ്ടത് സെക്കൻഡറി തലത്തിലുള്ള തസ്തിക നിർണയത്തിലാണ്. ആയതിനു സർക്കാർ നിർദ്ദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിലാണ് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മേഖലാ ഉപഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

15. പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കൻഡറി സ്കൂളുകളിൽ ക്ലാർക്ക് തസ്തിക നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ തലത്തിലാണ്.

ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

16. ചങ്ങനാശ്ശേരി സെന്റ് ബർക്കുമാൻസ് ഹൈസ്കൂളിൽ 2024-25 അധ്യയന വർഷം 5 മുതൽ 10 വരെ ക്ലാസുകളിലായി ആകെ 1462 കുട്ടികളെയാണ് ഇഫക്ടീവ് സ്ട്രെങ്ത് പ്രകാരം തസ്തിക നിർണ്ണയത്തിന് പരിഗണിക്കുവാൻ സാധിക്കുന്നത്. 2023- 24 വർഷം ടി സ്കൂളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിലായി 1522 കുട്ടികൾ നിലവിൽ ഉണ്ടായിരുന്നു. ആയത് പ്രകാരം ആകെ രണ്ട് ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, 3 ഫുൾടൈം മീനിയൽ തസ്തികകളും അനധ്യാപക വിഭാഗത്തിൽ അനുവദിച്ചിരുന്നു. 2024-25 വർഷം കുട്ടികളുടെ എണ്ണം 1500ൽ താഴെ വന്നതിനാൽ 1 ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, 2 ഫുൾ ടൈം മീനിയൽ തസ്തികകൾ ആണ് അനധ്യാപക വിഭാഗത്തിൽ അനുവദിച്ചത്.

17. നിലവിൽ കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിട്ട് ഹർജ്ജിയിൽ സർക്കാർ ഉത്തരവ് സ.ഉ.(കൈ)നം.106/2022/പൊ.വി.വ തീയതി. 14/06/2022 പ്രകാരം 5 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ ആകെ എണ്ണം കണക്കിലെടുത്ത് അനധ്യാപക തസ്തികകളുടെ എണ്ണം തീരുമാനിക്കാമെന്ന സ്പഷ്ടീകരണം നൽകുകയും, ചില സ്കൂളുകൾക്ക് പ്രസ്തുത മാനദണ്ഡം പ്രകാരം അനധ്യാപക തസ്തികകൾ അനുവദിച്ചതായും, ആയതിനാൽ പ്രസ്തുത മാനദണ്ഡം പാലിച്ചാൽ ടി സ്കൂളിലെ 5 മുതൽ 10 ക്ലാസ്സുകളിലെ 1462 കുട്ടികളേയും, ഹയർ സെക്കണ്ടറി വിഭാഗത്തിലെ 11,12 ക്ലാസ്സുകളിലായി പഠിക്കുന്ന 300 കുട്ടികളുടെ എണ്ണം കൂടി ചേർത്ത് 1762 കുട്ടികൾ ആവുമെന്നും, ആയത് പ്രകാരം 2 ക്ലാർക്ക് തസ്തികകളും, 3 ഫുൾടൈം മീനിയൽ തസ്തികകളും 2024-25 വർഷം നില നിർത്താമെന്നാണ് കോർപ്പറേറ്റ് മാനേജരുടെ വാദം.

18. അഞ്ച് മുതൽ 10 വരെ ക്ലാസ്സുകളിലുള്ള കുട്ടികളുടെ എണ്ണം കണക്കിലെടുത്ത് തസ്തിക നിർണ്ണയം നടത്തുവാൻ മാത്രമാണ് ജില്ലാ വിദ്യാഭ്യാസ ആഫീസിന് അധികാരം ഉള്ളതെന്നതിനാൽ ആയത് പ്രകാരം 1 ക്ലാർക്ക് തസ്തികയും 1 ഫുൾടൈം മീനിയൽ തസ്തികയും കുറച്ചാണ് തസ്തിക നിർണ്ണയം 2024- 25 വർഷം നടത്തിയിട്ടുള്ളതെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ വിഷയം പരിശോധിച്ചതു സംബന്ധിച്ച വസ്തുതകൾ ചുവടെ ചേർക്കുന്നു.

19. 2023-24ലെ തസ്തിക നിർണയ ഉത്തരവു പ്രകാരം ചങ്ങനാശ്ശേരി

എസ്.ബി.ഹയർസെക്കൻഡറി സ്കൂളിൽ സ്റ്റാൻഡേർഡ് V മുതൽ X വരെ ആകെ 1522 കുട്ടികൾ ഉണ്ടായിരുന്നതിനാൽ രണ്ട് ക്ലാർക്ക് തസ്തികയും 3 ഫുൾടൈം മീനിയൽ തസ്തികയും അനുവദിച്ചിരുന്നു. എന്നാൽ 2024- 25 ൽ സ്റ്റാൻഡേർഡ് V മുതൽ X വരെയുള്ള കുട്ടികളുടെ എണ്ണം 1462 ആയി താഴുകയും KER അദ്ധ്യായം XXIV A ചട്ടം 1 പ്രകാരം ഒരു ക്ലാർക്കു തസ്തികയും 2 എഫ്.ടി.എം. തസ്തികയും മാത്രം അർഹതയുണ്ടായിരുന്നുള്ളു.

20. 14/06/2022ലെ സ.ഉ.(കൈ) 106/2022/പൊ.വി.വ ഉത്തരവ് പ്രകാരം സ്റ്റാൻഡേർഡ് V മുതൽ XII വരെയുള്ള ക്ലാസുകളിലെ ആകെ കുട്ടികളുടെ എണ്ണം എടുത്ത് അനധ്യാപക തസ്തികകളുടെ എണ്ണം തീരുമാനിക്കാവുന്നതാണെന്ന് സ്പഷ്ടീകരണം നൽകുകയും ചില സ്കൂളുകൾക്ക് പ്രസ്തുത മാനദണ്ഡം പാലിച്ച് അധ്യാപക തസ്തിക അനുവദിക്കുകയും ഉണ്ടായി. ആയതിനാൽ ചങ്ങനാശ്ശേരി ഹയർസെക്കൻഡറി സ്കൂളിലെ സ്റ്റാൻഡേർഡ് V മുതൽ XII വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ആകെ കുട്ടികളുടെ എണ്ണം 1762 കണക്കിലെടുത്ത് KER അദ്ധ്യായം 24A ചട്ടം 1 പ്രകാരം രണ്ടാമത്തെ ക്ലാർക്ക് തസ്തികയും മൂന്നാമത്തെ എഫ്.ടി.എം തസ്തികയും 2024-25ലേക്ക് അനുവദിച്ച് ഉത്തരവാകണമെന്നാണ് അപേക്ഷിച്ചിരിക്കുന്നത്.

21. നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള തസ്തികകൾ നഷ്ടപ്പെടാതെ ഇരിക്കുന്നതിന് 2024-25 വർഷത്തെ തസ്തിക നിർണ്ണയം നടത്തുമ്പോൾ അഞ്ചാം തരം മുതൽ പന്ത്രണ്ടാം തരം വരെയുള്ള വിദ്യാർത്ഥികളുടെ എണ്ണം കൂടെ കണക്കാക്കണമെന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്നും, മേൽ തസ്തികകൾ നിലവിൽ ഉൾകൊള്ളിച്ചിട്ടുള്ളത് സെക്കൻഡറി തലത്തിലാണെന്നും ആയതിനാൽ തസ്തികകൾ നിലനിർത്തേണ്ടത് സെക്കൻഡറി തലത്തിലുള്ള തസ്തിക നിർണയത്തിലായതിനാൽ, സർക്കാർ നിർദ്ദേശപ്രകാരം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിലാണ് തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത് എന്നുമാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അറിയിച്ചിരിക്കുന്നത്.

22. സ.ഉ.(കൈ) നമ്പർ 106/2022/പൊ.വി.വ. തീയതി.14/06/2022 ഉത്തരവിൽ,സംസ്ഥാനത്ത് ഒന്നു മുതൽ 12 വരെയുള്ള സ്കൂൾ/ക്ളാസ് ഏകീകരണം സംസ്ഥാനത്ത് മുഴുവൻ പൂർത്തിയാക്കിയതിനുശേഷം മാത്രമേ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി ഉൾപ്പെടെ പരിശോധിച്ച് സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിന്റെ ആവശ്യകത പരിശോധിക്കാൻ സാധിക്കുകയുള്ളു എന്ന് വ്യക്തമാക്കുന്നുണ്ട്. ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ സമർപ്പിച്ച റിട്ട് ഹർജ്ജിയിൽ സൂചിപ്പിച്ചിരിക്കുന്ന, 2024-25 വർഷം നഷ്ടപ്പെട്ട രണ്ടാമത്തെ ക്ളാർക്ക് തസ്തികയും മൂന്നാമത്തെ എഫ്.ടി.എം തസ്തികയുമായി ബന്ധപ്പെട്ട, അനധ്യാപകർ സംരക്ഷണാനുകൂല്യത്തോടെ പുറത്ത് പോയവരല്ല. കൂടാതെ ഹയർ സെക്കന്ററി വിഭാഗത്തിലെ കുട്ടികളുടെ എണ്ണം കൂടി കണക്കിലെടുത്ത് 5 വർഷത്തേക്ക് താൽക്കാലികമായി തസ്തികകൾ സൃഷ്ടിക്കുന്നതിനും ആയതിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനും പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിയിരുന്ന 14/06/2022 ലെ ഉത്തരവിൽ പരാമർശിച്ചിരുന്ന പതിനെട്ട് സ്കൂളുകളിൽ ചങ്ങനാശ്ശേരി എസ്.ബി.ഹയർസെക്കൻഡറി സ്കൂൾ ഉൾപ്പെടുന്നില്ല. മാത്രമല്ല സംരക്ഷണാനുകൂല്യമുള്ളതും പുറത്തു നിൽക്കുന്നതുമായ അനധ്യാപക ജീവനക്കാരുടെ കാര്യത്തിൽ ഏകീകരണവുമായി ബന്ധപ്പെട്ട സ്പെഷ്യൽ റൂളിന്റെ അന്തിമ വിജ്ഞാപനം ആകുന്ന മുറക്ക് മാത്രമേ തീരുമാനം കൈക്കൊള്ളാൻ സാധിക്കുകയുള്ളൂ.

23. മേൽ സാഹചര്യത്തിൽ, ഹർജിക്കാരൻ സർക്കാരിൽ സമർപ്പിച്ച എക്സിബിറ്റ് പി4 നിവേദനം നിരസിച്ച് അപ്രകാരം ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫയൽ ചെയ്ത 22890/2024-ൽ 26.06.2024 തീയതി ബഹു.കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ചങ്ങനാശ്ശേരി അതിരൂപത, പാസ്റ്ററൽ സെന്റർ, ചങ്ങനാശ്ശേരി-686 101
പൊതുവിദ്യാഭ്യാസ ഡയറക്ടർ , തിരുവനന്തപുരം
മേഖലാ ഉപഡയറക്ടർ, ഹയർ സെക്കന്ററി എഡ്യൂക്കേഷൻ, കോട്ടയം-686001
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം
പ്രിൻസിപ്പൽ, സെന്റ് ബെർക്കുമാൻസ് ഹയർ സെക്കന്ററി സ്കൂൾ, ചങ്ങനാശ്ശേരി, കോട്ടയം-686 101
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Pradeep Kumar. C. O
സെക്ഷൻ ഓഫീസർ
Date: 11-06-2025 11:27:16

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.